# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 2055*

*06 / 02 / 2019 -ൽ*
*മറുപടി നൽകേണ്ടത്*

**ഹോസ്ദുർഗ്ഗ് മുതൽ ബേക്കൽ വരെയുള്ള ജലപാത**

**ചോദ്യം**

**ശ്രീ. എം. രാജഗോപാലൻ**

**മറുപടി**

**പിണറായി വിജയൻ**
**( മുഖ്യമന്ത്രി )**

(എ) കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റി എടുക്കാൻ കഴിയുന്ന തരത്തിൽ വിഭാവനം ചെയ്ത ജലപാതയുടെ രണ്ടാംഘട്ടമെന്ന നിലയിൽ ഹോസ്ദുർഗ്ഗ് മുതൽ ബേക്കൽ വരെയുള്ള ജലപാത എപ്പോൾ നിർമ്മിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) ടൂറിസം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതി എന്ന് പ്രാവർത്തികമാക്കാൻ കഴിയുമെന്നും അറിയിക്കാമോ ?

(എ) & (ബി) സംസ്ഥാനത്തിലെ പ്രധാന ജലപാതയായ വെസ്റ്റ് കോസ്റ്റ് കനാൽ കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് മുതൽ ബേക്കൽ വരെ ദീർഘിപ്പിക്കുവാൻ പദ്ധതിയുണ്ട്. കനാലിന്റെ അലൈൻമെന്റ് (alignment) തീരുമാനിക്കുന്നതിനുള്ള പ്രാഥമിക സർവ്വേ പൂർത്തിയായിട്ടുണ്ട്. സംസ്ഥാനത്തിലെ ജലപാതകൾ വികസിപ്പിക്കുന്നതിനും ചരക്ക് ഗതാഗതം, ടൂറിസം തുടങ്ങിയ പ്രവർത്തനങ്ങൾ ഉപയോഗപ്രദമാക്കുവാനും മൂന്ന് ഘട്ടങ്ങളിലായുള്ള പ്രവർത്തനങ്ങൾ ആണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. രണ്ടാം ഘട്ടമായ 2020 - 2022 കാലയളവിൽ ഹോസ്ദുർഗ്ഗ് - ബേക്കൽ കനാലിന് സ്ഥലം ഏറ്റെടുക്കലും ജലപാത നിർമ്മാണവും പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**